'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ഡി.പി.സി. സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുന്നതിന് നൽകുന്ന സിറ്റിംഗ് ഫീയും, യാത്രാ ബത്തയും കിലയിൽ നിന്ന് നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.3037/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/11/2018

---

പരാമർശം:- 1 18/07/2018 ലെ സ.ഉ(സാധാ)1953/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/18ലെ പൊതു വിഷയങ്ങളിലെ തിരുമാനം നമ്പർ 3.9.

**ഉത്തരവ്**

ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ 400/- രൂപ സിറ്റിംഗ് ഫീയും, യാത്രബത്തയായി 600/- രൂപയും ചേർത്ത് ആകെ 1000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകിയും ടി തുക ഡി.പി.സി. അംഗങ്ങൾക്കുള്ള അലവൻസ് വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുവദിക്കുന്നതിന് നിർദ്ദേശിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ച തുക ഈ വർഷത്തേയ്ക്ക് മാത്രമായി കിലയിൽ നിന്ന് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസർ, യോഗങ്ങളുടെ രേഖകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് കിലയിൽ നിന്നും ഡി.പി.സി. അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും നൽകേണ്ടതാണ്.അടുത്ത വർഷം മുതൽ ഈ തുക ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനായി, പ്രത്യേകം തുക വകയിരുത്തുന്നതിന് ആവശ്യമായ തുടർനടപടി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

എല്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

ഡയറക്ടർ, കില, തൃശ്ശൂർ

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHIJU P PAUL
Date: 2018.[illegible] 10:44:11 IST
Reason: Approved
സെക്ഷൻ ഓഫീസർ